# പതിനാലാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3323** **08.11.2019 ൽ മറുപടിയ്ക്ക്**

**കർഷകരിൽ നിന്നും പച്ചക്കറി ശേഖരിക്കുന്ന ഏജൻസികൾ**

**ചോദ്യം**

**ശ്രീ.പി.ടി. തോമസ്**
**ശ്രീ. വി.ടി.ബൽറാം**

**ഉത്തരം**

**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷി വകുപ്പിന് കീഴിലുള്ള ഏതെല്ലാം ഏജൻസികൾ കർഷകരിൽ നിന്നും പച്ചക്കറി ശേഖരിച്ചിട്ടുണ്ടെന്നും അത് എത്ര രൂപയ്ക്കാണെന്നും വർഷം തിരിച്ച് വിശദമാക്കാമോ;

എ) കർഷകരിൽനിന്നും പച്ചക്കറി ശേഖരിക്കുന്നതിന് സർക്കാർ അംഗീകരിച്ചിരിക്കുന്നത് ഹോർട്ടികോർപ്പ് (കേരള സംസ്ഥാന ഹോർട്ടികൾച്ചറൽ പ്രൊഡക്ട് ഡെവലവ്മെന്റ് കോർപ്പറേഷൻ)- നെയാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഹോർട്ടികോർപ്പ് കർഷകരിൽനിന്നും ശേഖരിച്ച പച്ചക്കറികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വർഷം | കർഷകരിൽനിന്നുള്ള സംഭരണം | |
|---|---|---|---|
| | | *തോത് (ടൺ)* | *തുക (കോടി)* |
| 1. | 2016-17 | 7003.92 | 18.38 |
| 2. | 2017-18 | 7217.73 | 27.07 |
| 3. | 2018-19 | 8997.52 | 24.03 |
| 4. | 2019-20 (2019 സെപ്റ്റംബർ വരെ) | 3793.28 | 11.26 |

ബി) ഈ ഇനത്തിൽ ഓരോ ഏജൻസിയും ഓരോ വർഷവും കർഷകർക്ക് നൽകേണ്ടിയിരുന്ന തുക എത്രയെന്നും അതിൽ എത്ര തുക നൽകിയെന്നും ഇനി എത്ര തുക കുടിശ്ശിക ഉണ്ടെന്നും വ്യക്തമാക്കാമോ;

ബി) & സി)

**ഹോർട്ടികോർപ്പ് കർഷകരിൽനിന്നും സംഭരിച്ച പച്ചക്കറികൾക്ക് നൽകിയ തുകയും കുടിശ്ശികയും സംബന്ധിച്ച വിശദാംശങ്ങൾ**

| ക്രമ നം. | വർഷം | കർഷകർക്ക് നൽകിയ തുക | കുടിശ്ശിക (കോടി) |
|---|---|---|---|
| 1. | 2016-17 | 18.38 | ഇല്ല |
| 2. | 2017-18 | 27.07 | ഇല്ല |

സി) ഈ കുടിശ്ശിക തുക നൽകുന്നതിനുള്ള കാലതാമസത്തിന്റെ കാരണമെന്തെന്ന് വെളിപ്പെടുത്താമോ; ഈ തുക എന്നത്തേക്ക് നൽകുമെന്ന് വ്യക്തമാക്കാമോ?

| | | | |
|---|---|---|---|
| 3. | 2018-19 | 24.03 | ഇല്ല |
| 4. | 2019-20 | 8.95 | 2.31 |

2019-20 ഓണക്കാലം വരെ കർഷകരിൽ നിന്നും ലഭിച്ച പച്ചക്കറികൾക്ക് ക്ലെയിം ലഭിച്ച മുറയ്ക്ക് പെയ്മെന്റ് നടത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**